# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1807 11.02.2013-ൽ മറുപടിക്ക്

### ഗ്രാമസഭകളുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.സി.എഫ്.തോമസ് | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സ്ാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭാ തീരുമാനങ്ങൾ കൂടി പരിഗണിച്ചാണ് വാർഷിക പദ്ധതികൾക്ക് രൂപം നൽകുന്നതും ബഡ്ജറ്റ് തയ്യാറാക്കുന്നതും. കൂടാതെ വ്യക്തിഗത ആനുകൂല്യത്തിനായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും, ഗുണഭോക്തൃ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുന്നതും ഗ്രാമസഭയാണ്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ നിയമങ്ങൾക്കോ, നിർദ്ദേശങ്ങൾക്കോ വിധേയമാണോ എന്നും, രേഖകളും, രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും പഞ്ചായത്തുകളിൽ മൂന്ന് മാസത്തിലൊരിക്കൽ പെർഫോർമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിവരുന്നു. |
| (ബി) | ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനം ജനങ്ങൾക്ക് തൃപ്തികരമായി നടത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മാസത്തിലൊരിക്കൽ നിശ്ചിത പഞ്ചായത്തുകളിൽ സന്ദർശനം നടത്തുന്നതിനും ജനങ്ങ ളുടെ ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനും നടപടികളുണ്ടാകുമോ; | (ബി) | ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, കുറ്റമറ്റതാക്കുന്നതിനും എല്ലാ മാസവും നിശ്ചിത ഗ്രാമപഞ്ചായത്തുകളിൽ ആകസ്മിക പരിശോധന നടത്തുവാൻ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും, അസിസ്റ്റന്റ് ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പഞ്ചായത്തുകളുടെ പ്രവർത്തന നടത്തിപ്പിൽ ജനപ്രതിനിധികൾക്ക് കൂടുതൽ അധികാരം നൽകുന്നതിന് നടപടികളുണ്ടാകുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ